## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5633  29 /07/2015 -ൽ മറുപടിയ്ക്ക്**

## <u>മദ്യം സംഭരണശാലകളിൽ സൂക്ഷിക്കാൻ നടപടി</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
| --- | --- | --- |
| **ശ്രീകെ.എൻ.എ.ഖാദർ** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) ബിവറേജസ് കോർപ്പറേഷന്റെ സംഭരണശാലകളിൽ സൂക്ഷിക്കാതെ സംസ്ഥാനത്തെ പാതയോരങ്ങളിൽ ലോറിയിലും മറ്റു വാഹനങ്ങളിലുമായി മദ്യം സൂക്ഷിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ബി.സി.യുടെ ചില സംഭരണശാലകളിലെ സ്ഥലപരിമിതിമൂലം അവിടെ വരുന്ന മദ്യം അതാതു ദിവസം തന്നെ ഇറക്കുവാൻ സാധിക്കാതെ വരുന്നുണ്ട്. ഈ സമയത്ത് കോർപ്പറേഷന്റെ കോമ്പൗണ്ടിനുള്ളിൽ പാർക്കുചെയ്യാൻ സ്ഥലം പോരാതെ വന്നാൽ ബാക്കി വരുന്ന വണ്ടികൾ പാതയോരങ്ങളിൽ പാർക്ക് ചെയ്യാറുണ്ട്. |
| (ബി) സംഭരണശാലകളിൽ സൂക്ഷിക്കുന്നതിന് പകരം ഇത്തരത്തിൽ പാതയോരത്ത് അവ സൂക്ഷിക്കുന്നതു മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും അപകട സാദ്ധ്യതയും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത ബുദ്ധിമുട്ടുകളും അപകടസാദ്ധ്യതയും തടയുന്നതിന് അവ സംഭരണശാലകളിലേക്ക് | (സി) | സ്ഥല പരിമിതിയുള്ള ഗോഡൗണുകൾ നിരീക്ഷിച്ച് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതെ എത്രയും പെട്ടെന്ന് ലോറികളിലെയും മറ്റ് |

അടിയന്തരമായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

വാഹനങ്ങളിലെയും മദ്യം ഇറക്കികൊടുക്കണമെന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ സ്ഥലപരിമിതിയുള്ള ഗോഡൗണുകളിൽ ഓർഡറുകൾ നൽകുന്നത് നിയന്ത്രിക്കുകയും നിർത്തിവെയ്ക്കുകയും ചെയ്യാറുമുണ്ട്.

സെക്ഷൻ ഓഫീസർ